# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1127 — 20/01/2014 ൽ മറുപടിക്ക്

## സ്കൂളുകളിലെ സൗജന്യ യൂണിഫോം വിതരണത്തിന്റെ കണക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.എസ്.സലീഖ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്ത് നടപ്പു അദ്ധ്യയന വർഷം എത്ര സ്കുളുകൾക്കായി എത്ര വിദ്യാർത്ഥികൾക്ക് സൗജന്യ യുണിഫോം വിതരണം ചെയ്യേണ്ടതുണ്ട് ; വിശദമാക്കുമോ; | എ) | നടപ്പ അദ്ധ്യയന വർഷം 11,404 സ്കൂളുകളിൽ നിന്നായി ഏകദേശം 21 ലക്ഷത്തിലധികം വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് യൂണിഫോം വിതരണം ചെയ്യേണ്ടതുണ്ട്. |
| ബി) | ഇതിൽ എത്ര സ്കുളുകളിലായി എത്ര വിദ്യാർത്ഥികൾക്ക് 2013 ഡിസംബർ 31 വരെ വിതരണം ചെയ്തു ; വിശദമാക്കുമോ ; | ബി) | ഈ അധ്യയന വർഷം തന്നെ സംസ്ഥാനത്ത് സൗജന്യ സ്കൂൾ യൂണിഫോം വിതരണം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2014 ജനുവരി 17-ന് മുമ്പ് എല്ലാ സ്കൂൾ അധികാരികളും യൂണിഫോമിന് സപ്ലൈ ഓർഡർ നൽകി വാങ്ങാനും വിവരം ബന്ധപ്പെട്ട എ.ഇ.ഒ ഓഫീസിൽ അറിയിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് 2013-14 അദ്ധ്യയന വർഷം എത്ര കുട്ടികൾ സർക്കാർ/എയിഡഡ് സ്കൂളുകളിൽ പഠിക്കുന്നു; നാളിതുവരെ എത്ര കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്തു; യൂണിഫോം ലഭിക്കേണ്ട കുട്ടികൾക്ക് അത് എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കുമോ ; | (സി) | 2013-14 അദ്ധ്യയന വർഷം 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഏകദേശം 21 ലക്ഷത്തിലധികം വിദ്യാർത്ഥികൾ യൂണിഫോമിന് അർഹമായിട്ടുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. 2014 ജനുവരി 17 ന് മുമ്പ് എല്ലാ സ്കൂൾ അധികാരികളും യൂണിഫോമിന് സപ്ലൈ ഓർഡർ നൽകി വാങ്ങാനും വിവരം ബന്ധപ്പെട്ട എ.ഇ.ഒ ഓഫീസിൽ അറിയിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | യൂണിഫോം വിതരണത്തിനായി വിദ്യാഭ്യാസ വകുപ്പ് നിയോഗിച്ച ഉദ്യോഗസ്ഥരുടെ കൃത്യവിലോപം മൂലം വിതരണം നാളിതുവരെ നടത്താൻ കഴിയാത്തത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ; | (ഡി) | ഉദ്യോഗസ്ഥർ കൃത്യവിലോപം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആദ്യ സംരംഭമെന്ന നിലയിൽ ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ കണക്ക് ശേഖരിക്കുന്നതിനും, ഗുണമേന്മയുള്ള തുണിത്തരങ്ങൾ കുറഞ്ഞനിരക്കിൽ ലഭ്യമാക്കുന്നതിന് കമ്പനികളെ എംപാനൽ ചെയ്യുന്നതിനുമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ സമയം വേണ്ടിവന്നു. ഈ പദ്ധതി ആദ്യമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനാൽ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ച് കമ്പനികളെ എംപാനൽ ചെയ്തതിനാലാണ് കാലതാമസം നേരിട്ടത്. |
| (ഇ) | 2013-14 അദ്ധ്യയന വർഷം യൂണിഫോം നൽകാൻ ചുമതലപ്പെടുത്തിയ സർക്കാർ / അർദ്ധ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ഇവർക്ക് ഇതുവരെ സർക്കാർ അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (ഇ) | ടെണ്ടർ ഫോർമുലേഷൻ ആന്റ് ഇവാല്വേഷൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ എംപാനൽ ചെയ്ത കമ്പനികളുടെ താഴെപ്പറയുന്നവയാണ്.<br>1. മഫത്‌ലാൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, അഹമ്മദാബാദ്, ഗുജറാത്ത്.<br>2. സുസുക്കി ടെക്സ്റ്റയിൽസ് ലിമിറ്റഡ്, ബിൽവാരം, രാജസ്ഥാൻ.<br>3. അലോക് ഇൻഡസ്ട്രീസ്, മുംബൈ.<br>4. ബൻസ്വാര സിന്റെക്സ് ലിമിറ്റഡ്, മുംബൈ.<br>5. എസ്.കമാർസ് നേഷൻവൈഡ് ലിമിറ്റഡ്, മുംബൈ.<br>6. സംഗം(ഇൻഡ്യ) ലിമിറ്റഡ്, ബിൽവാര, രാജസ്ഥാൻ.<br>7. ആർ.എസ്.ഡബ്ല്യൂ.എം. ബിൽവാര ടവേഴ്സ്, നോയിഡ, ഉത്തർപ്രദേശ്.<br>8. നാഷണൽ ടെക്സ്റ്റയിൽസ് കോർപ്പറേഷൻ, ന്യൂ ഡൽഹി. |

ഇതിൽ നാഷണൽ ടെക്സ്റ്റയിൽസ് കോർപ്പറേഷൻ പൊതുമേഖലാ സ്ഥാപനവും, മറ്റെല്ലാം സ്വകാര്യ സ്ഥാപനങ്ങളുമാണ്. എംപാനൽ ചെയ്ത കമ്പനികൾക്ക് സർക്കാരിൽ നിന്നും തുക ഇതുവരെയും അനുവദിച്ചിട്ടില്ല.

(എഫ്) ഈയിനത്തിൽ സർക്കാർ 2013-14 അദ്ധ്യയന വർഷം ആകെ എത്ര തുക മാറ്റിവച്ചു ; ആയതിൽ ഇതു വരെ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ ;

(എഫ്) 2013-14 അദ്ധ്യയന വർഷം സർക്കാർ 80 കോടി രൂപയും എസ്.എസ്.എ പദ്ധതിപ്രകാരം 33 കോടി രൂപയുമാണ് മാറ്റിവച്ചിട്ടുള്ളത്. സ്കൂളുകളിൽ നിന്ന് സപ്ലൈ ഓർഡറുകൾ നൽകാത്തതിനാൽ ഈ ഇനത്തിൽ ഇതുവരെയും തുക ചെലവഴിക്കപ്പെട്ടിട്ടില്ല.

(ജി) സർക്കാർ നിയന്ത്രണാധികാരത്തിലുള്ള ഹാന്റക്സ്, ഹാൻവീവ്, ഖാദിബോർഡ് തുടങ്ങിയ സ്ഥാപന ങ്ങളെ ഈ ചുമതല ഏൽപ്പിക്കുന്നതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ?

(ജി) സർക്കാർ നിയന്ത്രണാധികാരത്തിലുള്ള ഹാന്റക്സ്, ഹാൻവീവ്, ഖാദിബോർഡ് തുടങ്ങിയ സ്ഥാപനങ്ങളെ ഈ ചുമതല ഏൽപ്പിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ